# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 341 — 26.06.2012 ൽ മറുപടിയ്ക്ക്

## സ്കൂൾ ബസ്സുകളുടെ ഫിറ്റ്നസ് പരിശോധന

| ചോദ്യം<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. പി. സി. ജോർജ് | | ഉത്തരം<br>ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) സ്കൂൾ ബസ്സുകളുടെ ഫിറ്റ്നസ് പരിശോധനയ്ക്കുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; ആയതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; | (എ) | നിലവിലുള്ള മോട്ടോർ വാഹന നിയമങ്ങൾക്കും, ചട്ടങ്ങൾക്കും അനുസൃതമായി എല്ലാ വാഹനങ്ങളും പരിശോധിക്കുന്നത് പോലെ സ്കൂൾ ബസ്സുകളുടെയും ഓരോ ഭാഗവും പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ സ്കൂൾ വാഹനത്തിന് പ്രത്യേകമായി നിഷ്കർഷിച്ചിട്ടുള്ള താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്നും ഉറപ്പ് വരുത്താറുണ്ട്.<br>1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 153 (ഡി), 290, 291 എന്നിവയിൽ നിഷ്ക്കർഷിച്ചിട്ടുള്ള നിബന്ധനകൾ (അനുബന്ധമായി ചേർത്തിരിക്കുന്നു). ഇതു കൂടാതെ വാഹനത്തിൽ സ്പീഡ് ഗവർണ്ണർ ഘടിപ്പിച്ചിട്ടുണ്ടോ എന്നും, ആയത് പ്രവർത്തിക്കുന്നുണ്ടോ എന്നും ഉറപ്പുവരുത്തുന്നുണ്ട്. |
| (ബി) കാലപ്പഴക്കം ചെന്ന പല സ്വകാര്യ റൂട്ട് ബസ്സുകളും സ്കൂൾ ബസ്സുകൾ ആക്കി മാറ്റി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ തീരുമാനപ്രകാരം 15 വർഷം കഴിഞ്ഞ ബസ്സുകൾ സ്റ്റേജ് കാര്യേജുകളായി ഉപയോഗിക്കുവാൻ പാടുള്ളതല്ല. ഇങ്ങനെ 15 വർഷം കഴിഞ്ഞ സ്വകാര്യ, കെ.എസ്.ആർ.ടി.സി ബസ്സുകൾ സ്കൂൾ അധികൃതർ രൂപമാറ്റം നടത്തി ചെയ്ത് സ്കൂൾ ബസ്സുകളായി ഉപയോഗിക്കാറുണ്ട്. 1988 ലെ മോട്ടോർ വാഹന നിയമങ്ങളിലെ 59-ാം വകുപ്പ് പ്രകാരം ഓരോതരം വാഹനത്തിന്റെയും കാലാവധി നിർണ്ണയിക്കുന്നതിനുള്ള അധികാരം കേന്ദ്രസർക്കാരിൽ മാത്രം നിക്ഷിപ്തമായതിനാൽ ഇക്കാര്യത്തിൽ കർക്കശമായ നടപടി സ്വീകരിക്കുന്നതിന് മോട്ടോർ വാഹന വകുപ്പിന് പരിമിതികളുണ്ട്. |
| (സി) അപകടം വരുത്തിവച്ചേയ്ക്കാവുന്ന ഇത്തരം ബസ്സുകളുടെ രൂപപരിണാമത്തെക്കുറിച്ച് | (സി) | ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായി ഹാജരാക്കുന്ന വാഹനം ഉപയോഗയോഗ്യമാണെങ്കിൽ മാത്രമേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ. നിലവിൽ ലഭ്യമായ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ഫിറ്റ്നസ് |

| | | |
|---|---|---|
| അന്വേഷണം നടത്തുന്നതിനും ബസ്സുകളുടെ ഫിറ്റ്നസ് പരിശോധന കുറ്റമറ്റ നിലയിൽ നിരീക്ഷിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ? | | പരിശോധന താരതമ്യേന കുറ്റമറ്റ നിലയിൽ തന്നെയാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

### 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 153 (ഡി) പ്രകാരം ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ -

(എ) സ്കൂൾ കുട്ടികളെ കൊണ്ട് പോകുന്നതിനുള്ള വാഹനം വാടകയ്ക്കെടുത്ത വാഹനമാണെങ്കിൽ "on school duty" എന്ന ബോർഡ് വെളുത്ത പശ്ചാത്തലത്തിൽ നീല നിറത്തിലുള്ള അക്ഷരങ്ങളിൽ എഴുതി വ്യക്തമായി കാണത്തക്കവിധം വാഹനത്തിന്റെ മുൻ-പിൻ ഭാഗങ്ങളിൽ മുകളിലായി എഴുതി പ്രദർശിപ്പിച്ചിരിക്കണം.

(ബി) 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 151-ൽ നിഷ്കർഷിക്കുന്ന രീതിയിലുള്ള ഫസ്റ്റ് എയ്ഡ് ബോക്സ് വാഹനത്തിൽ സജ്ജീകരിച്ചിരിക്കണം.

(സി) സ്കൂൾ കുട്ടികളെകൊണ്ട് പോകുന്ന വാഹനങ്ങളിൽ തിരശ്ചീനമായി ഗ്രില്ലുകൾ ഘടിപ്പിച്ചിരിക്കണം.

(ഡി) വാഹനത്തിന് ഫയർ എക്സ്റ്റിൻഗ്വിഷർ സജ്ജീകരിച്ചിരിക്കണം .

(ഇ) വാഹനത്തിലെ പ്രധാനപ്പെട്ട ഭാഗത്ത് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേരും, ടെലിഫോൺ നമ്പരും എഴുതി പ്രദർശിപ്പിച്ചിരിക്കണം.

(എഫ്) വാഹനത്തിന്റെ ഡോറുകൾ ഉറപ്പുള്ള താഴുകളാൽ സജ്ജീകരിച്ചിരിക്കണം.

(ജി) സ്കൂൾ ബാഗുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനായി സീറ്റുകൾക്ക് താഴെയായി ആവശ്യത്തിന് സ്ഥലം ഉണ്ടായിരിക്കണം.

(എച്ച്) കുട്ടികളെ സഹായിക്കുന്നതിനായി വാഹനത്തിൽ യോഗ്യതയുള്ള ഒരു അറ്റൻഡന്റ് ഉണ്ടായിരിക്കണം.

(ഐ) വാഹനത്തിൽ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി രക്ഷാകർത്താക്കൾ, മാതാപിതാക്കൾ എന്നിവരിലാരെങ്കിലും വാഹനത്തിൽ സഞ്ചരിക്കണം.

(ജെ) വാഹനം ഓടിക്കുന്ന ഡ്രൈവർക്ക് 10 വർഷത്തിൽ കുറയാത്ത ഡ്രൈവിംഗ് പരിചയവും, ഹെവി വാഹനങ്ങൾ ഓടിച്ചുള്ള 5 വർഷത്തിൽ കുറയാത്ത പരിചയവും ഉണ്ടായിരിക്കണം.

(കെ) റെഡ് ലൈറ്റ് ജംപിംഗ്, ലെയ്ൻ ഡിസിപ്ലിൻ വയലേഷൻ, അനധികൃതമായി മറ്റ് വ്യക്തികളെ വാഹനം ഓടിക്കുവാൻ അനുവദിക്കുക തുടങ്ങിയ കുറ്റകൃത്യങ്ങൾക്ക് ഒരു വർഷത്തിൽ രണ്ട് പ്രാവശ്യത്തിൽ കൂടുതൽ ശിക്ഷിക്കപ്പെട്ട വ്യക്തിയെ ഡ്രൈവറായി നിയമിക്കുവാൻ പാടുള്ളതല്ല.

(എൽ) വാഹനത്തിൽ സഞ്ചരിക്കുന്ന വ്യക്തികളുടെ വിശദവിവരങ്ങൾ വാഹനത്തിൽ സൂക്ഷിച്ചിരിക്കണം. സഞ്ചരിക്കുന്ന വ്യക്തികളുടെ പേര്, രക്ഷാകർത്താവിന്റെ പേര്, മേൽ വിലാസം, ടെലിഫോൺ നമ്പർ/ മൊബൈൽ നമ്പർ (ബന്ധപ്പെടുന്നതിനായി) തുടങ്ങിയ വിവരങ്ങൾ ശരിയായ രീതിയിൽ ലാമിനേറ്റ് ചെയ്ത് സൂക്ഷിച്ചിരിക്കണം.

(എം) വാഹനത്തിലെ ജോലിക്കാരുടെ സ്വഭാവം വിലയിരുത്തുന്നതിനും ജോലിക്കാർ നൽകുന്ന സേവനം തൃപ്തികരമാണോ എന്ന് വിലയിരുത്തുന്നതിനുമായി സ്കൂൾ അധികൃതർ/പാരന്റ് ടീച്ചർ അസോസിയേഷന്റെ ചുമതല വഹിക്കുന്ന വ്യക്തി എന്നിവരിലാരെങ്കിലും വാഹനം മിന്നൽ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

**1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 290- 291 എന്നിവ പ്രകാരം ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ -**

<u>ചട്ടം 290</u> :- ഒരു എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സിന്റെ സീറ്റിംഗ് കപ്പാസിറ്റി ടി ചട്ടങ്ങളിലെ ചട്ടം 267 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള സ്ഥലസൗകര്യത്തോടു കൂടിയതും പരമാവധി യാത്രക്കാരെ വഹിക്കാനുള്ള ശേഷി (Maximum passenger capacity) ടി ചട്ടങ്ങളിലെ ചട്ടം 268 പ്രകാരം നിശ്ചയിച്ചിട്ടുള്ള തരത്തിലും ആയിരിക്കണം.

2) സ്കൂൾ വാഹനങ്ങൾ മഞ്ഞ നിറത്തിൽ പെയിന്റ് ചെയ്തിരിക്കണം.

<u>ചട്ടം 291</u> :-

സ്കൂൾ വാഹനത്തിനു മുന്നിലും പിന്നിലും "സ്കൂൾ ബസ്" എന്ന് എഴുതിയിരിക്കണം. വാടകയ്ക്ക് ഓടിക്കുന്ന വാഹനമാണെങ്കിൽ "On School Duty" എന്ന് ബോർഡ് വെച്ചിരിക്കണം.